<u>**15 -ാം കേരള നിയമസഭ**</u>

<u>**6 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1988**</u> <u>**01-09-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ഡിജിറ്റൽ മേഖലയിൽ തൊഴിൽ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് ഐ.ടി. മേഖലയിൽ തൊഴിൽ നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് ഐ. ട<br>മേഖലയിൽ തൊഴിൽ നൽകുന്നതിന് കേരള<br>നോളേഡ്ജ് എക്കണോമി മിഷന്റെ<br>നേതൃത്വത്തിൽ സ്കില്ലിഗ് പ്രോഗ്രാമുകളും വിവിധ<br>ട്രയിനിംഗ് പ്രോഗ്രാമുകളും ആവിഷ്കരിച്ചിട്ടുണ്ട<br>വിവിധ സ്കിൽ പാർട്ട്നേർസിൽ നിന്നായ<br>നിലവിൽ 72 കോഴ്സുകൾ ക്രോഡീകരിച്ചിട്ടുണ്ട്<br>ഐസിടി അക്കാഡമി ,അസാപ് കേരള<br>,സിഡാക്ക് , കേരള ബ്ലോക്ക് ചെയിൻ<br>അക്കാഡമി മുതലായവയാണ് ഇതിൽ<br>പ്രമുഖരായ നൈപുണ്യധാതാക്കൾ<br>കേരളത്തിലെ അഭ്യസ്ഥ വിദ്യരായ<br>ഉദ്യോർഗാർത്ഥികൾക്ക് സർക്കാർ<br>ധനസഹായത്തോടെ ഐ.ടി കമ്പനികളിൽ<br>ഇന്റേൺഷിപ്പ് പദ്ധതി 'ഇഗ്നൈറ്റ്' എന്ന<br>പേരിൽ ധ്രുതഗതിയിൽ നടന്നുവരുന്നു<br>ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരായ<br>അഭ്യസ്തവിദ്യർക്ക് ഐ.ടി. മേഖലയിൽ<br>തൊഴിൽ നൽകുന്നതിനായ<br>FOSTeRA(ഫോസ്റ്ററിങ് ടെക്നോളജീസ് ഇന<br>റൂറൽ ഏരിയ) എന്ന പദ്ധത<br>ആവിഷ്കരിച്ചിട്ടുണ്ട് . |
| (ബി) | ആഗോള ഡിജിറ്റൽ മേഖലയിലെ ഘടനാപരമായ മാറ്റങ്ങൾക്കനുസൃതമായി എന്തൊക്കെ പുതിയ പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്; | (ബി) | ആഗോള ഡിജിറ്റൽ മേഖലയിലെ<br>ഘടനാപരമായ മാറ്റങ്ങൾക്കനുസൃതമായ<br>സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന<br>പദ്ധതിയിലൂടെ ഐ.ടി മേഖലയിൽ 5G<br>സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ<br>തിരുവനന്തപുരം ടെക്നോപാർക്ക് ഫെയിസ്-3<br>മുതൽ കൊല്ലം വരെയും, ചേർത്തല മുതൽ<br>എറണാകുളം വരെയും, എറണാകുളം മുതൽ |

| | | | |
|---|---|---|---|
| | | | കൊരട്ടി വരെയും, കോഴിക്കോട് മുതൽ കണ്ണൂ വരെയും NH-66 ന സമാന്തരമായി ഐ.ട പാർക്കിനു അനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ സ്ഥലം കണ്ടെത്തി ചെറുകിട ഐ.ടി പാർക്കുകൾ ആരംഭിക്കുവാനാണ ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ സാങ്കേതിക മേഖലയിലെ നൂതന സങ്കേതങ്ങളായ Artificial Intelligence, Geospatia Analytics, IoT, Industry 4.0 എന്നിവയിൽ ഗവേഷണ പരിശീലന പദ്ധതികൾക്കായിട്ടുള്ള പുതിയ കേന്ദ്രങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ സ്ഥാപിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഐ.ടി ഐ.ട ഈഎസ്സ് മേഖലയിൽ നൈപുണ്യവികസനത്തിനായി നൽകുന്ന കോഴ്സുകൾ വ്യവസായ വിപ്ലവം 4.0-ന്റെ ആവശ്യങ്ങൾക്കനുസൃതമായി വിഭാവനം ചെയ്തിട്ടുള്ളതാണ് |
| (സി) | പ്രസ്തുത മേഖലയിലെ പുതിയ മാറ്റങ്ങൾക്കനുസൃതമായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ എത്ര തൊഴിൽ അന്വേഷകർക്ക് ജോലി നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | (സി) | 20 ചെറുകിട ഐ.ടി പാർക്കുകൾവഴി 2 ലക്ഷത്തോളവും, ടെക്നോപാർക്കിൽ ഏകദേശം 55000 ത്തോളവും, ഇൻഫോ പാർക്കിൽ ഏകദേശം 23500-ഓളവും, സൈബർ പാർക്കിൽ 4000 ത്തോളവും പുതിയ തൊഴിലവസരങ്ങളാണ് വിഭാവനം ചെയ്യുന്നത്.FOSTeRA എന്ന പദ്ധതി പ്രകാരം ഓരോ ജില്ലയിലും കുറഞ്ഞത് 50 മുതൽ 100 വരെ ഉദ്യോഗാർത്ഥികൾക്ക് ഐ.ടി. ഐ.ടി.ഇതര , ബി.പി.ഒ . മേഖലകളിൽ തൊഴിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് . |

സെക്ഷൻ ഓഫീസർ